"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: ജി4/26573/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 24.10.2017.
Email : swdkerala@gmail.com
Phone: 0471 - 2306040.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,
ഡയറക്ടർ KSSM,
ഡയറക്ടർ ആർദ്രം,
ഡയറക്ടർ ARDSI,
എല്ലാ ആർ.ഡി.ഒ & പ്രിസൈഡിംഗ് ഓഫീസേഴ്സ് ഓഫ് MWPSC Act.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - 2017-ലെ വയോജന ദിനം വിപുലമാക്കി നടത്തുന്നതിനുള്ള തീയതി അറിയിപ്പ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1) 12.10.2017-ലെ സ.ഉ.(സാധാ) നം. 675/2017/സാ.നീ.വ. നം. സർക്കാർ ഉത്തരവ്.
2) സാമൂഹ്യനീതി ഡയറക്ടറുടെ 17.10.2017 തീയതിയിലെ മേൽ നം. കത്ത്.
3) ബഹു. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി നൽകിയ നിർദ്ദേശം.

സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2017-ലെ വയോജന ദിനം വിപുലമായി നടത്തുന്നതിന് സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ടി പരിപാടികൾ ഒക്ടോബർ 25 മുതൽ 28 വരെയുള്ള തീയതികളിൽ നടത്തുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി പരിപാടികൾ ഒക്ടോബർ 30 മുതൽ നവംബർ 2 വരെയുള്ള തീയതികളിൽ നടത്തുന്നതിന് സൂചന (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ഒക്ടോബർ 25, 26, 27, 28 തീയതികളിലെ പരിപാടികൾ ക്രമ പ്രകാരം ഒക്ടോബർ 30, 31 നവംബർ 1, 2 എന്നീ തീയതികളിലേയ്ക്കു മാറ്റി സംഘടിപ്പിക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

"ഭരണഭാഷ - മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പി.ബി. നൂഹ് IAS)

തിരുവനന്തപുരം

**ഉത്തരവ് നമ്പർ:G4-26573/17** തീയതി: 24.10.2017

വിഷയം: സാമൂഹ്യനീതി വകുപ്പ് - 2017 ലെ വയോജന ദിനം വിപുലമായി നടത്തുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. 21.06.2017 ന് ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന വയോജന കൗൺസിൽ യോഗ തീരുമാനം.
2. 12.10.2017 ലെ സ.ഉ.(സാധാ) നം. 675/2017/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 21.07.2017 ൽ സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം.
4. സാമൂഹ്യനീതി ഡയറക്ടറുടെ 08.09.2017 ലെ ജി4-26573/17 - ാം നമ്പർ ഉത്തരവ്.
5. സാമൂഹ്യനീതി ഡയറക്ടറുടെ 17.10.2017 ലെ ജി4-26573/17 നമ്പർ കത്ത്.

പരാമർശം (1) പ്രകാരം 2017 ലെ വയോജന ദിനാചരണം വിപുലമായ പരിപാടികളോടെ നടത്തുന്നതിന് ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന വയോജന കൗൺസിൽ തീരുമാനമെടുത്തിരുന്നു. സൂചന (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ വകുപ്പ്തല യോഗം വയോജന ദിനാചരണവുമായി ബന്ധപ്പെട്ട വിപുലമായ കർമ്മ പരിപാടികൾക്ക് രൂപം നൽകുകയുണ്ടായി. എന്നാൽ തീരുമാന പ്രകാരമുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കി പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ 2017 ലെ ലോക വയോജന ദിനാഘോഷം ജില്ലാതലത്തിൽ മുൻ വർഷങ്ങളിലേത് പോലെ ഒക്ടോബർ 1 ന് തന്നെ നടത്തുന്നതിനും വയോജന ദിനവുമായി ബന്ധപ്പെട്ട് നടത്താൻ നിശ്ചയിച്ചിരുന്ന വിപുലമായ കർമ്മ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടത്തുന്നതിനും സൂചന (4) പ്രകാരം തീരുമാനമെടുത്തിരുന്നു.

2017 ലെ വയോജന ദിനാഘോഷം വിവിധ വകുപ്പുകളുടെ സംയോജനത്തോടെ വിപുലമായ രീതിയിൽ നടത്തുന്നതിന് തയ്യാറാക്കിയ പ്രൊപ്പോസൽ 20.09.2017 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയും ടി പദ്ധതി നടത്തിപ്പിന് സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം 32,89,000/- (മുപ്പത്തിരണ്ട് ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-93(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

PL

2017 ഒക്ടോബർ 25 മുതൽ 28 വരെയുള്ള തീയതികളിൽ വിപുലമായി അതാത ജില്ലകളിൽ വയോജന ദിനാഘോഷം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് പ്രൊപ്പോസലിന്റെ പകർപ്പ് ഉൾപ്പെടെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി ഒക്ടോബർ 30 മുതൽ നവംബർ 2 വരെയുള്ള തീയതികളിൽ നടത്തുന്നതിന് ബഹു. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ച സാഹചര്യത്തിൽ ഒക്ടോബർ 30 മുതൽ നവംബർ 2 വരെയുള്ള തീയതികളിൽ നിശ്ചയിച്ച പ്രകാരം വയോജന ദിനാഘോഷം വിവിധ വകുപ്പുകളുടെ സംയോജനത്തോടെ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കുമായി അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിൻപ്രകാരം 30,59,000/- (മുപ്പതു ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ പദ്ധതി നടത്തിപ്പിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക പ്രൊപ്പോസൽ പ്രകാരം നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർമാർക്ക് രസീതിൻ പ്രകാരം മാറി നൽകേണ്ടതാണ്. (പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)

പദ്ധതി പൂർത്തിയായതിന് ശേഷം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും അനുബന്ധമായുള്ള ബില്ലുകളും വൗച്ചറുകളും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ നടക്കുന്ന ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുമാണ്. കൂടാതെ റിപ്പോർട്ട്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-001-93(P) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റിനായി)
2. സൂപ്രണ്ട്, പി.സി. സെക്ഷൻ (അറിവിലേക്കായി)
3. സൂപ്രണ്ട്, സി സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സീനിയർ ഫിനാൻസ് ഓഫീസർ.
5. ഡയറക്ടറുടെ സി.എ.
6. ബന്ധപ്പെട്ട സബ് ട്രഷറി/ ജില്ലാ ട്രഷറി ഓഫീസർമാർ
7. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

PL

| ക്രമ നം. | ജില്ല | 3G അങ്കണ വാടികളുടെ എണ്ണം/ അസംബ്ലി മണ്ഡലങ്ങളുടെ എണ്ണം | തീയതി | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25.10.2017 | 26.10.2017 | 27.10.2017 | | 28.10.2017 | |
| | | | 3G അങ്കണവാടികൾ കേന്ദ്രീകരിച്ചുള്ള ആഘോഷ പരിപാടികൾ (ഒന്നിന് 14,000/- രൂപ ക്രമത്തിൽ) | ബ്ലോക്ക് തലത്തിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് (CHC, ആർദ്രം ARDSI, KSSM എന്നീ ഏജൻസികളുമായി ചേർന്ന് | സായംസന്ധ്യ സാംസ്കാരിക പരിപാടി (KSSM, അങ്കണവാടി/ കുടുംബശ്രീ, വയോജന സദനങ്ങൾ, വയോജന കൗൺ സിൽ, ജില്ലാ കമ്മിറ്റി അംഗങ്ങൾ എന്നിവ രുമായി ചേർന്നുള്ള കലാപരിപാടികൾ | Revenue Division കളുടെ എണ്ണം (25,000/- രൂപ വിതം) | (MWPSC ആക്ട് ചട്ടങ്ങൾ എന്നിവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടി) | |
| 1. | തിരുവനന്തപുരം | 14 | 1,96,000/- | - | 40,000/- | 1 | 25,000/- | 2,61,000/- |
| 2. | കൊല്ലം | 11 | 1,54,000/- | - | 40,000/- | 1 | 25,000/- | 2,19,000/- |
| 3. | പത്തനംതിട്ട | 5 | 70,000/- | - | 40,000/- | 2 | 50,000/- | 1,60,000/- |
| 4. | ആലപ്പുഴ | 9 | 1,26,000/- | - | 40,000/- | 2 | 50,000/- | 2,16,000/- |
| 5. | കോട്ടയം | 9 | 1,26,000/- | - | 40,000/- | 2 | 50,000/- | 2,16,000/- |
| 6. | ഇടുക്കി | 5 | 70,000/- | - | 40,000/- | 2 | 50,000/- | 1,60,000/- |
| 7. | എറണാകുളം | 14 | 1,96,000/- | - | 40,000/- | 2 | 50,000/- | 2,86,000/- |
| 8. | തൃശ്ശൂർ | 13 | 1,82,000/- | - | 40,000/- | 1 | 25,000/- | 2,47,000/- |
| 9. | പാലക്കാട് | 12 | 1,68,000/- | - | 40,000/- | 2 | 50,000/- | 2,58,000/- |
| 10. | മലപ്പുറം | 16+1 (വേങ്ങര അഡീ.) | 2,38,000/- | - | 40,000/- | 2 | 50,000/- | 3,28,000/- |
| 11. | കോഴിക്കോട് | 13 | 1,82,000/- | - | 40,000/- | 1 | 25,000/- | 2,47,000/- |
| 12. | വയനാട് | 3 | 42,000/- | - | 40,000/- | 1 | 25,000/- | 1,07,000/- |
| 13. | കണ്ണൂർ | 11 | 1,54,000/- | - | 40,000/- | 1 | 25,000/- | 2,19,000/- |
| 14. | കാസർഗോഡ് | 5 | 70,000/- | - | 40,000/- | 1 | 25,000/- | 1,35,000/- |
| | ആകെ | 141 | 19,74,000/- | - | 5,60,000/- | 21 | 5,25,000/- | 30,59,000/- |

(ആകെ മുപ്പത് ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ മാത്രം)

PL